# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1032 — 14/01/2021-ൽ മറുപടിയ്ക്ക്

## നോക്കുകൂലിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി.തോമസ്:** | ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ നോക്കുകൂലി ഈടാക്കിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ: | (എ) കഴിഞ്ഞ 5 വർഷത്തിനിടയിൽ അനർഹമായ കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ 10 കേസുകളും, കോട്ടയം ജില്ലയിൽ 2 കേസുകളും, പാലക്കാട് ജില്ലയിൽ 1 കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇതിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അവർ ഏതു തൊഴിലാളി സംഘടനയിൽപ്പെട്ടവരാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ; | (ബി) തിരുവനന്തപുരം ജില്ലയിൽ അനർഹമായ-അമിതമായ കൂലി ഈടാക്കിയതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ അന്വേഷണം നടത്തി ഇപ്രകാരം കൂലി വാങ്ങിയെന്ന് ബോദ്ധ്യപ്പെട്ടതായി തെളിഞ്ഞിട്ടുള്ള പരാതികളിന്മേൽ പരാതിക്കാരന് തുക തിരികെ വാങ്ങി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പരാതിയിന്മേൽ പരിഹാരം ഉണ്ടാകുമ്പോൾ പരാതി നൽകിയവർ തന്നെ മറ്റ് നടപടികൾ ആവശ്യമില്ല എന്ന് അറിയിക്കുന്നതിനാൽ തൊഴിലാളികൾക്കെതിരെ പല ഘട്ടത്തിലും മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |

കോട്ടയം ജില്ലയിൽ, യൂണിയനുകൾ അമിത കൂലിയും അനർഹമായ കൂലിയും ആവശ്യപ്പെട്ട എന്ന ഒരു പരാതിയിൽ വൈക്കം അസിസ്റ്റൻറ് ലേബർ ഓഫീസർ ഇടപെടുകയും തർക്കം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റൊരു പരാതിയിൽ ഇപ്രകാരം അനർഹമായ കൂലി ആവശ്യപ്പെട്ട തൊഴിലാളികളുടേയോ, യൂണിയന്റെയോ വിവരങ്ങൾ ഇല്ലാതിരുന്നതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

പാലക്കാട് ജില്ലയിൽ ആലത്തൂർ അസിസ്റ്റന്റ് ലേബർ ഓഫീസറുടെ പരിധിയിൽ ഏ.ഡി. അസ്സോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ സാധനങ്ങൾ ഇറക്കിയതുമായി ബന്ധപ്പെട്ട് ചുമട്ട തൊഴിലാളികൾ അനർഹമായ കൂലി ആവശ്യപ്പെട്ട എന്ന പരാതിയിൽ ഉൾപ്പെട്ട 13 തൊഴിലാളികളുടെയും (ഐ.എൻ.ടി.യു.സി, സി.ഐ.ടി.യു) ജോലി കേരള ചുമട്ട തൊഴിലാളി ക്ഷേമ ബോർഡ് ആലത്തൂർ ഉപകാര്യാലയം ചെയർമാൻ ഒരു മാസത്തേക്ക് സസ്പെൻഡ് ചെയ്തിരുന്നു. ടി വിഷയത്തിൽ കാർഡ് റദ്ദ് ചെയ്യുന്നതിനുള്ള ശിപാർശ ആലത്തൂർ അസിസ്റ്റന്റ് ലേബർ ഓഫീസറിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ഡെപ്യൂട്ടി ലേബർ ഓഫീസർ തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

| | |
|---|---|
| (സി) നോക്കുകൂലി നിർത്ത ലാക്കുന്നതിന് സ്വീകരി ച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (സി) ഏതു സാഹചര്യത്തിലും ചെയ്യാത്ത ജോലിയ്ക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ 30/04/2018 ൽ ജി.ഒ(ആർ.ടി)നമ്പർ 511/2018/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ കൂലി കൈപ്പറ്റുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ കോൾ സെൻററിൽ പരാതി വിളിച്ച് അറിയിക്കാവുന്നതാണ് (ടോൾഫ്രീ നമ്പർ 155215, 180042555214). കാൾ സെൻറർ വഴി ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റൻറ് ലേബർ ഓഫീസർമാർ ഇടപെട്ട് അനർഹമായി-അമിതമായി ഈടാക്കുന്ന കയറ്റിറക്ക് കൂലി തിരികെ വാങ്ങി നൽകുകയും അമിത കൂലിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തൊഴിലാളി കൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ അനർഹമായ കൂലി/അമിത കൂലി വാങ്ങുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പ്രശ്നത്തിൽ ഇടപെട്ട് ഇപ്രകാരം വാങ്ങിയ കൂലി തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങി കൊടുക്കുന്നുണ്ട്. മാത്രമല്ല, തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള ചുമട്ടുതൊഴിലാളി ചട്ടം 26 എ(4) അനുശാസിക്കുന്ന വിധത്തിൽ ചുമട്ടുതൊഴിലാളികളുടെ രജിസ്ട്രേഷൻ |

കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്.

ചുമട്ടുതൊഴിൽ മേഖലയിലെ കയറ്റിറക്ക് കൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ ഏകീകൃത ചുമട്ട് കൂലി പ്രാബല്യത്തിൽ വരുത്തുകയും ആയത് 14 ജില്ലകളിലും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ